

# പെസഹാ വ്യാഴം

ഫാ. സിനോജ് ഇരട്ടക്കാലായിൽ MCBS

യോഹ. 13:1–14 (Vol. 9, Issue 52)

മൂന്ന് നാളുകൾക്കിപ്പുറം ഇതേ ദൈവാലയത്തിൽ ഏറെക്കുറെ ഇതേ സ്ഥലത്തിരുന്ന് കുരുത്തോലകളിളക്കി ഓശാന പാടിയവരാണ് നാമോരുത്തരും. അന്ന് ഉയർത്തിപ്പിടിച്ച കുരുത്തോലകളും നടത്തിയ കുരുത്തോല പ്രദക്ഷിണവും ആഹ്ലാദത്തിന്റെയും ആഘോഷത്തിന്റെയും അലയടികൾ സമ്മാനിച്ച വേളകളായിരുന്നു. എന്നാൽ, നമ്മുടെ മാനുഷികമായ ആഹ്ലാദത്തിന്റെയും ആഘോഷത്തിന്റെയും ആരവങ്ങൾക്കപ്പുറം കൊല്ലപ്പെടാനുള്ള കുഞ്ഞാടിന്റെ തേങ്ങലുകളുയർന്ന ദിനമായിരുന്നു അത്. പുതിയ പെസഹായിൽ കൊല്ലപ്പെടേണ്ട കുഞ്ഞാടായി യേശു തന്നെത്തന്നെ നമുക്കോരോരുത്തർക്കും വേണ്ടി തിരഞ്ഞെടുത്ത് മാറ്റിവച്ച ദിനം.

നാം ഓരോരുത്തരുടെയും പാപപരിഹാരത്തിനും നിത്യരക്ഷയ്ക്കും വേണ്ടി കുരിശിലേറി കൊല്ലപ്പെടാൻ തയ്യാറായ ആ ദിവ്യകുഞ്ഞാട് വിശുദ്ധ കുർബാനയായി മാറിക്കൊണ്ട് കൊലക്കളത്തിലേയ്ക്ക് നീങ്ങിയതിന്റെ ഓർമ്മയാണ് പെസഹാവ്യാഴം.

മുറിക്കുന്ന അപ്പത്തിലേയ്ക്ക് തന്നെത്തന്നെ ശൂന്യനാക്കിയതിന്റെ ഓർമ്മത്തിരുനാളിന്. മരണത്തെ പേടിക്കുന്നവരുടെയിടയിൽ മരണത്തെ പേടിക്കാതെ സ്വന്തം മരണം കൊണ്ട് ഈ ലോകത്തിൽ മരണമില്ലാതാക്കാൻ നിത്യജീവന്റെ അപ്പമായി മാറിയ ക്രിസ്തുനാഥന്റെ ഓർമ്മയാണ് പെസഹാവ്യാഴം.

പഴയനിയമ കാലത്ത് ഇസ്രായേൽക്കാരെ അഗ്നിസ്തംഭമായും മേഘത്തൂണായും വഴി നടത്തിയ ദൈവം; വാഗ്ദാന പേടകത്തിലേയ്ക്ക് മേഘമായിറങ്ങി ഇസ്രായേൽക്കാർക്കിടയിൽ കൂടാരമടിച്ച ദൈവം, പുതിയനിയമ കാലത്ത് മനുഷ്യനായി നമ്മിലൊരുവനായി അവതരിച്ച ദൈവം, മുറിക്കപ്പെടുന്ന അപ്പമായി ദിവ്യകാരുണ്യമായി മാറിയിരിക്കുന്നു.

പഴയനിയമ ജനതയ്ക്ക് പെസഹാത്തിരു

ന്നാൾ അടിമത്വത്തിൽ നിന്ന് രക്ഷയിലേയ്ക്കുള്ള കടന്നുപോകലിന്റെ അനുസ്മരണമായിരുന്നുവെങ്കിൽ ഇന്ന് നമുക്കത് പാപത്തിന്റെ അടിമത്വത്തിൽ നിന്ന് സമ്പൂർണ്ണമായ രക്ഷയിലേയ്ക്കുള്ള കടന്നുവരവിന്റെ ആഘോഷമാണ്. പാപം, മരണം വിതച്ചുനീങ്ങുന്ന ഈ ലോകത്തിൽ ചെറുതും വലുതുമായ പാപങ്ങളിൽ മരിച്ചു തുടങ്ങിയ നമ്മെയോരോരുത്തരെയും നോക്കി ഇന്ന് അവിടുന്ന് പറയുകയാണ്: ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പമാണ്. ഇത് ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. പ്രത്യുത അവൻ നിത്യം ജീവിക്കും. ഈ അപ്പം നമുക്കുള്ള ഭാഗ്യമാണ്. നമുക്ക് മാത്രമുള്ള ഭാഗ്യം.

ജീവൻ തുടിക്കുന്ന ഹൃദയവുമായി ഈ അൾത്താരയിലും നമ്മുടെ ഹൃദയങ്ങളിലും ജീവിക്കുന്ന ഈ സാന്നിധ്യത്തെ തിരിച്ചറിയാതിരിക്കുന്നതിനെക്കാൾ, അവന്റെ ഇംഗിതങ്ങൾക്കും കൽപനകൾക്കുമനുസരിച്ച് ജീവിതത്തെ  ക്രമീകരിക്കാതിരിക്കുന്നതിനെക്കാൾ വലിയൊരു ദുരന്തം നമ്മുടെ ജീവിതത്തിൽ സംഭവിക്കാനില്ല. ജീവിതത്തിലെ ദുഃഖ-ദുരിതങ്ങളുടെയും വേദനകളുടെയും വേളകളിൽ മാത്രമല്ല, എല്ലായ്പ്പോഴും അവനിലേയ്ക്കെത്തുവാൻ അവിടുന്നിൽ വിശ്വസിക്കുവാൻ നമുക്ക് സാധിക്കണം. കാരണം, അതിനുവേണ്ടി മാത്രമാണ് എനിക്കും നിങ്ങൾക്കും കാണാനും തൊടാനും ഭക്ഷിക്കാനും പറ്റുന്ന അപ്പമായി അവിടുന്ന് മാറിയത്. അതിനുവേണ്ടിയാണ് പല കൊടുങ്കാറ്റുകളുമടക്കിയവൻ ഒരു ചെറുകാറ്റിൽ പോലും പറന്നുപോയേക്കാവുന്ന ഗോതമ്പപ്പത്തിലേയ്ക്കൊതുങ്ങി നമുക്കിടയിൽ വസിക്കുന്നത്.

ഈ ചെറുതാകലിന്റെ മാഹാത്മ്യം വിളിച്ചുപറഞ്ഞുകൊണ്ടാണ് അവിടുന്ന് ശിഷ്യരുടെ പാദങ്ങൾ കഴുകുന്നത്. വലുതായിത്തീരാനും വലിയവനെന്ന് കാണിക്കാൻ ഏതറ്റം വരെയും പോകാനും തയ്യാറാകുന്ന വർത്തമാനകാല സാഹചര്യത്തിൽ യേശുവിന്റെ കാലുകഴുകലിന് ഏറെ പ്രസക്തിയുണ്ട്.

വ്യക്തിബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും സമൂഹത്തിലും രാഷ്ട്രീയത്തിലും സഭയിലും വരെ കാല്  കഴുകാൻ മാത്രം വലുപ്പമുള്ള ചെറിയവരുടെ എണ്ണം കുറഞ്ഞുവരികയാണ്. നമ്മുടെ ജീവിതത്തിലേയ്ക്കു തന്നെ നാം തിരിഞ്ഞുനോക്കിയാൽ, നാം അംഗീകരിച്ചു തുടങ്ങിയാൽ, ക്ഷമിക്കാൻ തയ്യാറായാൽ, വിട്ടുകൊടുക്കാൻ തുടങ്ങിയാൽ, സംസാരിച്ചു തുടങ്ങിയാൽ തീരാവുന്ന എത്രയെത്ര പിണക്കങ്ങളും പ്രശ്നങ്ങളും നമുക്ക്  ചുറ്റുമുണ്ട്.

എന്നെ രക്ഷിക്കാൻ അപ്പത്തോളം ചെറുതായവനെ ഓർക്കുന്ന ഈ പെസഹാ തിരുനാളിൽ ചെറുതാകലിന്റെ പ്രായോഗികതയെ കാലുകഴുകലിൽ ധ്യാനിക്കുന്ന ഈ പുണ്യനാളിൽ നമുക്കും ചെറുതാകാൻ ആഗ്രഹിക്കാം. അവിടുന്ന് പകുത്തുകൊടുത്ത അവന്റെ ശരീരമാകുന്ന അപ്പം ഭക്ഷിച്ചിട്ട് മണിക്കൂറുകൾക്കുള്ളിൽ ക്രിസ്തുവിനെ ഒറ്റിക്കൊടുത്ത യൂദാസിനെപ്പോലെയും ജീവിതത്തിലെ ഒരു ദുർബല നിമിഷത്തേയ്ക്കാണെങ്കിൽ പോലും ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസിനെപ്പോലെയും നമുക്ക് ആകാതിരിക്കാം. അതിനുവേണ്ടിയല്ല അവൻ അപ്പമായി നമ്മിലേക്ക് ഇറങ്ങിവരുന്നത്. അതിനുവേണ്ടിയല്ല അവിടുന്ന് ചെറുതായി കാണിച്ചുതന്നത്. മറിച്ച് ക്ഷമിച്ചും സ്നേഹിച്ചും സഹായിച്ചും സഹിച്ചും വലുതാകാനാണ്.

ജീവിതത്തിൽ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും മനോഭാവങ്ങൾ കൊണ്ടും ക്രിസ്തുവിനെ പ്രഘോഷിക്കുന്ന ക്രിസ്തുശിഷ്യരാകാനാണ് അവൻ ചെറുതാകലിന്റെ മാതൃക നമുക്ക് നൽകിയത്. ഈ വലുതാകലിലെ നിത്യജീവന്റെ വാതിലുകൾ നമുക്ക് മുമ്പിൽ തുറക്കപ്പെടുകയേയുള്ളൂ. അവിടയേ അനുദിനം സ്വീകരിക്കുന്ന ദിവ്യകാരുണ്യം നമുക്ക് നിത്യജീവന്റെ അപ്പമാകൂ. നിത്യജീവന്റെ കാരണമാകൂ.  വിശുദ്ധ കുർബാനയായി ഇന്ന് നമ്മുടെയടുത്തേയ്ക്ക് വരുന്നവനോട് ഈ ആഗ്രഹം നമുക്ക് പ്രാർത്ഥിക്കാം.

ആമ്മേൻ